**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ നിലമ്പൂർ അസംബ്ലി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ പി.വി.അൻവർ എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 1648/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19.05.2017

---

പരാമർശം - (1) 11.06.2012-ലെ സ.ഉ.(പി.)332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) ധനകാര്യ വകുപ്പ് നോഡൽ ഓഫീസർക്ക് ശ്രീ പി.വി.അൻവർ എം.എൽ.എ. നൽകിയ 31.12.2016 തീയതിയിലെ 42/LAC-ADF/2016, 38/LAC-ADF/2016, 41/LAC-ADF/2016 നമ്പർ കത്തുകൾ.

(3) പൊതുമരാമത്ത് വകുപ്പ് (റോഡുകളും, പാലങ്ങളും) ചീഫ് എഞ്ചിനീയറുടെ 31.03.2017 ലെ CE/R&B/MNJ/LAC-ADS/PRICE/2017/1923 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ നിലമ്പൂർ അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.വി.അൻവർ എം.എൽ.എ, "പാലങ്കാര- ചീരക്കുഴി റോഡ് (ബി.എം & ബി.സി)", "നിലമ്പൂർ - വീട്ടിക്കുത്ത് റോഡ് (ബി.എം. & ബി.സി)", "നിലമ്പൂർ ജില്ലാ ആശുപത്രി റോഡ്" എന്നീ പ്രവൃത്തികൾക്ക് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. പരാമർശം 3 പ്രകാരം, പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും) ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ നിലമ്പൂർ അസംബ്ലി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. പി.വി.അൻവർ എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും താഴെ പറയുന്ന 3 പ്രവൃത്തികൾക്ക് ആകെ അടങ്കൽ തുകയായ 95 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(i) പ്രോജക്റ്റ് ഐ.ഡി. 2298 - പാലങ്കാര- ചീരക്കുഴി റോഡ് (ബി.എം & ബി.സി) - 30 ലക്ഷം രൂപ.

(ii) പ്രോജക്റ്റ് ഐ.ഡി. 2297 - നിലമ്പൂർ - വീട്ടിക്കുത്ത് റോഡ് (ബി.എം. & ബി.സി) - 35 ലക്ഷം രൂപ.

(iii) പ്രോജക്റ്റ് ഐ.ഡി. 2293 - നിലമ്പൂർ ജില്ലാ ആശുപത്രി റോഡ് - 30 ലക്ഷം രൂപ

4. ലംപ്സം ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകകളുടെ ചെലവ് യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും പ്രവൃത്തികളുടെ നിർവ്വഹണം നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിരിക്കേണ്ടതുമാണ്. ആയതു സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്റ്റ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ. പി.വി.അൻവർ എം.എൽ.എ, നിലമ്പൂർ നിയോജക മണ്ഡലം.
ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും), തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, നിലനമ്പൂർ മുനിസിപ്പാലിറ്റി.
ധനകാര്യ വകുപ്പ് (928/എൻസി.സി1/2017-ധന)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.